"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. എഫ്.എം.1/30/2022/തസ്വഭവ

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

തിരുവനന്തപുരം,
തീയതി: 18-02-2022

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്- കേന്ദ്ര സർക്കാരിന് കീഴിലെ വിവിധ മന്ത്രാലയങ്ങൾ/സ്ഥാപനങ്ങൾ, ഏജൻസികൾ, മറ്റ് സ്ഥാപനങ്ങളിൽനിന്നുള്ള കൈമാറ്റമടക്കമുള്ള ഫണ്ടുകൾ സ്വീകരിക്കുന്നതിനായി തിരുവനന്തപുരം ട്രഷറി ശാഖയിൽ ധനകാര്യ സെക്രട്ടറി കേരള സർക്കാരിന്റെ പേരിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ ധനസഹായം സ്വീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 25.01.2022 തീയതിയിലെ എസ്എസ്-1/351/2021/ധന. നമ്പർ കറിപ്പ്

*********************

റിസർവ് ബാങ്ക് മുഖേനയുള്ളതല്ലാത്ത കേന്ദ്ര സർക്കാരിന് കീഴിലെ വിവിധ മന്ത്രാലയങ്ങൾ/സ്ഥാപനങ്ങൾ, ഏജൻസികൾ, മറ്റ് സ്ഥാപനങ്ങളിൽനിന്നുള്ള കൈമാറ്റമടക്കമുള്ള ഫണ്ടുകൾ സ്വീകരിക്കുന്നതിനായി തിരുവനന്തപുരം ട്രഷറി ശാഖയിൽ ധനകാര്യ സെക്രട്ടറി 00000067146398542 നമ്പറിൽ കേരള സർക്കാരിന്റെ പേരിൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിരുന്നെങ്കിലും പല വകുപ്പുകളും / വകുപ്പുകളുടെ കീഴിലെ സ്ഥാപനങ്ങളും പ്രസ്തുത ബാങ്ക് അക്കൗണ്ട് ധനസഹായം സ്വീകരിക്കുന്നതിനുള്ള basket ആയി ഉപയോഗിക്കുകയും എന്നാൽ ധനസഹായം അക്കൗണ്ടിൽ ലഭിച്ചശേഷം അത് ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ ഒടുക്കുന്നതിനുവേണ്ട നടപടികൾ സമയബന്ധിതമായി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. തത്ഫലമായി സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വെക്കേണ്ടുന്ന മേൽ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്ന പല തുകകളും അക്കൗണ്ടിൽ idle ആയി കിടക്കുന്ന പശ്ചാത്തലമാണ്. പ്രസ്തുത സാഹചര്യത്തിൽ, ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ തദ്ദേശ സ്വയം ഭരണ വകുപ്പിലും വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലും അടിയന്തിരമായി പ്രാവർത്തികമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അറിയിക്കുന്നു.

a ) മേൽ പരാമർശിത കറന്റ് അക്കൗണ്ടിലേയ്ക്ക് കേന്ദ്ര സർക്കാരിന് കീഴിലെ മന്ത്രാലയങ്ങളിൽ നിന്നോ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ധനസഹായം സ്വീകരിക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട ഗുണഭോക്തൃ വകുപ്പ് /സ്ഥാപനം ധനകാര്യ (രഹസ്യ) വകുപ്പിന്റെ അനുമതി രേഖാമൂലം വാങ്ങേണ്ടതാണ്.

b ) മുകളിൽ പരാമർശിക്കുംവിധം മുൻകൂർ അനുമതി വാങ്ങിയ ശേഷം നിർദ്ദിഷ്ട അക്കൗണ്ടിൽ സ്വീകരിക്കപ്പെടുന്ന ധനസഹായങ്ങൾ / വായ്പകൾ ബന്ധപ്പെട്ട ഗുണഭോക്തൃ വകുപ്പ് / സ്ഥാപനം തുക ക്രെഡിറ്റ് ചെയ്ത് ഒരാഴ്ചയ്ക്കുള്ളിൽ തുക Transfer Credit ചെയ്യുന്നതിനുള്ള ശുപാർശ, ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിന്റെ വിശദാംശം സഹിതം ധനകാര്യ (രഹസ്യ) വകുപ്പിന് ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിലുണ്ടാകുന്ന കാലതാമസത്തിന് ഉത്തരവാദി ബന്ധപ്പെട്ട വകുപ്പ് സ്ഥാപനം മാത്രമായിരിക്കും.

I/5171786/2022

c) P.F.M.S പോർട്ടൽ വഴി കേന്ദ്ര സർക്കാർ നിർവ്വഹണ ഏജൻസികൾക്ക് അനുവദിക്കുന്ന ഫണ്ട് ഒരു കാരണവശാലും മേൽ ബാങ്ക് അക്കൗണ്ട് വഴി സ്വീകരിക്കുവാൻ പാടുള്ളതല്ല.

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എൻജിനിയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

മുഖ്യ നാഗരാസൂത്രകൻ

മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

എക്സിക്യൂട്ടീവ് ചെയർമാൻ, ഹരിത കേരള മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

ഡയറക്ടർ, കില

മിഷൻ ഡയറക്ടർ, അമൃത്

ധനകാര്യ വകുപ്പ്

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സി. ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എൽ.ബി.എ.&.എ ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.

പകർപ്പ്:-

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിടെ പി.എ യ്ക്ക്